**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 204** **07-06-2021 - ൽ മറുപടിയ്ക്ക്**

**ബ്ലാക്ക് ഫംഗസ് രോഗ ബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Smt Veena George**<br>**(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ നാളിതുവരെ ബ്ലാക്ക് ഫംഗസ് രോഗ ബാധ സ്ഥിരീകരിച്ച രോഗികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | 2.6.2021 വരെ 57 പേരിലാണ് ബ്ലാക്ക് ഫംഗസ് ബാധ സംസ്ഥാനത്ത് സ്ഥിരീകരിച്ചിട്ടുള്ളത്. അതിൽ 52 പേർ കോവിഡ് ബാധിച്ചവരും 5 പേർ കോവിഡ് രോഗം ബാധിക്കാത്തവരുമാണ്. |
| (ബി) | മറ്റു ചില സംസ്ഥാനങ്ങളിൽ ഈ രോഗത്തെ ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുള്ളതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശ പ്രകാരം ബ്ലാക്ക് ഫംഗസ് രോഗത്തെ Notifiable Disease ആയി സംസ്ഥാനം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രോഗത്തെ തെലങ്കാന, ഒഡിഷ, കർണാടക, തമിഴ്നാട്, രാജസ്ഥാൻ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ബ്ലാക്ക് ഫംഗസ് രോഗചികിത്സയ്ക്കായി ഉപയോഗിക്കുന്ന ചില മരുന്നുകൾക്ക് സംസ്ഥാനത്ത് ദൗർലഭ്യം നേരിടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ലിപ്പോസോമൽ ആംഫോട്ടെറിസിൻ ബി എന്ന മരുന്നാണ് ബ്ലാക്ക് ഫംഗസ് ചികിത്സയ്ക്കായി ഉപയോഗിച്ചു വരുന്നത്. ടി മരുന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ സ്പെഷ്യലിറ്റി മരുന്നു പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ സംസ്ഥാനത്ത് ബ്ലാക്ക് ഫംഗസ് രോഗബാധയുടെ ചികിത്സയ്ക്കുള്ള മരുന്നുകൾക്ക് ക്ഷാമം അനുഭവപ്പെടുന്നില്ല. |
| (ഡി) | സംസ്ഥാനത്ത് ബ്ലാക്ക് ഫംഗസ് രോഗബാധ വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച് ഇതിന്റെ ചികിത്സയ്ക്കായി ഒരു പ്രോട്ടോക്കോൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | സംസ്ഥാനത്തെ കോവിഡ് 19 – ഉമായി ബന്ധപ്പെട്ട് മ്യൂക്കോർമൈക്കോസിസ് (ബ്ലാക്ക് ഫംഗസ്) -ന്റെ ചികിത്സയ്ക്കായി ഒരു ടെക്നിക്കൽ ഗൈഡ് ലൈനിനു രൂപം നല്കുകയും ആയത് പിൻതുടരുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ